പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5361 | 31.10.2016 ൽ മറുപടി നല്കേണ്ടത്. |
|---|---|

## മൊബൈൽ ഫുഡ് ടെസ്റ്റിങ് ലാബ്

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. എൻ .എ.നെല്ലിക്കുന്ന്.** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ** (ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | ഭക്ഷ്യസുരക്ഷാ അതോറിറ്റിയുടെ മൊബൈ ൽ ഫുഡ് ടെസ്റ്റിങ് ലാബിന്റെ പ്രവർത്തനം ഏത് രീതിയിലാണെന്നും,ഗുണനിലവാര മുള്ള ഭക്ഷണം ഉറപ്പുവരുത്താൻ പ്രസ്തുത ലാബ് എങ്ങനെ സഹായകരമാകുമെന്നും വ്യക്തമാക്കാമോ; | എ) | മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബുകൾ രണ്ടെണ്ണമാണ് ഈ സാമ്പത്തികവർഷം പ്രവർത്തനം ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്. അതിൽ ഒരു ലാബിന്റെ ഉദ്ഘാടനം 09.09.2016 ൽ നടന്നു. ഈ ലാബിൽ തിരുവനന്തപുരം ഗവൺമെന്റ് അനലിസ്റ്റ് ലബോറട്ടറിയിലെ ഉദ്യോഗസ്ഥന്മാരെ നിയമിച്ച് ലാബിന്റെ പ്രവർത്തനം നടത്തുന്നതാണ്. ഈ ലാബുകൾ പ്രധാനമായും ചെക്ക്പോസ്റ്റുകൾ കേന്ദ്രീകരിച്ചാണ് പ്രവർത്തനം നടത്തുന്നത്. ചെക്ക്പോസ്റ്റുകളിൽ കൂടി കൊണ്ടു വരുന്ന പാൽ, എണ്ണ മറ്റ് ആഹാര പദാർത്ഥങ്ങൾ എന്നിവ പരിശോധിച്ച് ഗുണനിലവാരമില്ലാത്ത വയാണെങ്കിൽ ഉടൻ തന്നെ തിരിച്ചയയ്ക്കുന്നതാണ്. ഇതു കൂടാതെ ഉത്സവമേഖലകളിൽ ലാബുകളുടെ പ്രവർത്തനം ഉപയോഗപ്പെടുത്താവുന്നതാണ്. |
| ബി | പ്രസ്തുത ലാബിന്റെ സേവനം എല്ലാ ജില്ലകളിലും ലഭ്യമാണോ; | ബി) | ലഭ്യമല്ല. |
| സി) | ഹോട്ടലുകളിൽ നിന്ന് പിടിച്ചെടുക്കുന്ന ഭക്ഷ്യ സാമ്പിളുകളുടെ പരിശോധന ഇതുവരെ സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിഞ്ഞിരുന്നോ; മൊബൈൽ ലാബിന്റെ വരവോടെ എന്ത് മാറ്റമാണ് പ്രതീക്ഷിക്കുന്നത്;വിശദമാക്കുമോ? | സി) | എല്ലായ്പ്പോഴും സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. ചില അവസരങ്ങളിൽ സാമ്പിളുകളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുമ്പോൾ സാമ്പിൾ പരിശോധന സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയാറില്ല. മൊബൈൽ ലാബുകളുടെ വരവോടുകൂടി റീജിയണൽ ലാബുകളിൽ അയയ്ക്കേണ്ട സാമ്പിളുകളുടെ എണ്ണം കുറയ്ക്കുവാനും അതിന്റെ ഫലമായി ഭക്ഷണ സാധനങ്ങളുടെ പരിശോധന സമയബന്ധിതമായി പൂർത്തീകരിക്കാനും കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ